LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലം നിയോജകമണ്ഡത്തിൽ ഇറിഗേഷൻ വകുപ്പ് നടത്തിയ പ്രവൃത്തികൾ

113 (563) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഒല്ലൂർ നിയോജക മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

114 (564) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിൽ പീച്ചി പദ്ധതിയുമായി ബന്ധപ്പെട്ട് ഡാമിന്റെയും കനാലുകളുടെയും അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കൈനൂർ എൽ.ഐ.എസ്. കട്ടാല എൽ.ഐ.എസ്. എന്നീ പദ്ധതികളുടെ പുനരുദ്ധാരണ ജോലികൾ മിർപ പദ്ധതിയിൽ അനുമതി നൽകിയിട്ടുണ്ട്.

ഭൂജല വകുപ്പ് ഡയറക്ടറുടെ കീഴിൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം ഒല്ലൂർ നിയോജക മണ്ഡലത്തിൽ തൃശ്ശൂർ കോർപ്പറേഷനിൽ എസ്.എൻ.നഗർ കുടിവെള്ള പദ്ധതിക്കും ആറുകുളങ്ങര കുടിവെള്ള പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-2) കീഴിൽ പീച്ചി പദ്ധതിയുമായി ബന്ധപ്പെട്ട് ഡാമിന്റെയും കനാലുകളുടെയും അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒല്ലൂർ നിയോജക മണ്ഡല ത്തിൽ താഴെ പറയുന്ന മൂന്ന് പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് :

1. ഒല്ലൂർ-എടക്കുന്നി ടൗൺ കുടിവെള്ള വിതരണ പദ്ധതി
2. ചൊവ്വൂർ-മരത്താക്കര കുടിവെള്ള വിതരണ പദ്ധതി.
3. ഒല്ലൂക്കര-മുളയം സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള പദ്ധതി

ജലനിധിയുടെ കീഴിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും പാണഞ്ചേരി പഞ്ചായത്തിൽ ഭാഗികമായും ജലനിധി പദ്ധതി നടപ്പിലാക്കികഴിഞ്ഞു. നടത്തറ ഗ്രാമ പഞ്ചായത്ത് രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ, പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അടങ്കൽ തുക ഇപ്രകാരമാണ്. ഡാമിന്റെയും കനാലുകളുടെയും അറ്റകുറ്റപണികൾക്ക് (2006 മുതൽ 2011 വരെ) 8 കോടി രൂപ.

മിർപാ-കൈനൂർ പദ്ധതി-പുനരുദ്ധാരണം-3.25 ലക്ഷം രൂപ

മിർപാ-കുട്ടാല പദ്ധതി പുനരുദ്ധാരണം -7.10 ലക്ഷം രൂപ

ഭൂജലവകുപ്പിലെ പദ്ധതികളുടെ അടങ്കൽ തുക

1. എസ്.എൻ നഗർ-തുക 1,50,000
2. ആറുകുളങ്കര-തുക 2,00,000

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-2) കീഴിലുള്ള പദ്ധതികളുടെ അടങ്കൽ തുക (2006 മുതൽ 2011 വരെ) 7 കോടി രൂപയാണ്.

(ബി) കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ അടങ്കൽ തുക താഴെപ്പറയും പ്രകാരമാണ് :

1. ഒല്ലൂർ-എടക്കുന്നി ടൗൺ കുടിവെള്ള വിതരണ പദ്ധതി-1150 ലക്ഷം രൂപ.
2. ചൊവ്വൂർ-മരത്താക്കര കുടിവെള്ള വിതരണ പദ്ധതി-320 ലക്ഷം രൂപ.
3. ഒല്ലൂക്കര-മുളയം സ്കീമിന്റെ പുനരുദ്ധാരണ പ്രവർത്തിക്കുള്ള പദ്ധതി-81 ലക്ഷം രൂപ

ജലനിധിയുടെ കീഴിൽ പാണഞ്ചേരി പദ്ധതിക്ക് - 4,97,39,000 രൂപ

മാടത്തറ പദ്ധതിക്ക് - 1,99,43,272 രൂപ

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ

മിർപാ-കൈനൂർ പദ്ധതി പണി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിർപാ-കുട്ടാല പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ഭൂജല വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള പദ്ധതികൾ വിജയകരമായി പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

ജലനിധിയുടെ കീഴിൽ പാണഞ്ചേരി പദ്ധതിയിൽ മൂന്ന് സോണുകളിലായി 2349 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ, ലോകബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതി നിർമ്മാണം പുരോഗമിച്ചു വരികെ 2008 സെപ്റ്റംബറിലെ നിലച്ചുപോയതിനാൽ സോൺ (3) (Kulthram Zone)-ലുള്ള 284 കുടുംബങ്ങൾക്കുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കുവാൻ തീരുമാനിച്ചു. ബാക്കിയുള്ള 2065 കുടുംബങ്ങളിൽ 1284 കുടുംബങ്ങൾക്ക് ശുദ്ധജലം നൽകിക്കൊണ്ട് പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തുകഴിഞ്ഞു. മാടക്കത്തറ പഞ്ചായത്തിൽ 26 കുടിവെള്ള പദ്ധതികളിലായി 1299 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നു.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ പീച്ചി പദ്ധതിയുടെ ഇടതുകര, വലതുകര കനാലുകളിലൂടെ ജലവിതരണം നടത്തി ഒല്ലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കൃഷി ആവശ്യത്തിനും കുടിവെള്ളത്തിനും പുറമെ കേരള വാട്ടർ അതോറിറ്റി വഴിയുള്ള കുടിവെള്ള പദ്ധതികൾക്കും ജലം ലഭ്യമാകുന്നുണ്ട്. കൂടാതെ കെഎസ്ഇബി-യുടെ നിയുക്ത 1.25 മെഗാവാട്ട് ജലവൈദ്യുത പദ്ധതിക്കുവേണ്ടിയുള്ള ജലവും പീച്ചി പദ്ധതിവഴി ലഭ്യമാകുന്നുണ്ട്. ഇതിന്റെ പണികൾ ഇപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ താഴെ പറയും പ്രകാരമാണ് :

1. ഒല്ലൂർ-എടക്കുന്നി കുടിവെള്ള വിതരണ പദ്ധതിയുടെ മൂന്ന് പാക്കേജുകളിൽ ഒരെണ്ണത്തിന്റെ ടെണ്ടർ പരിശോധന മദ്ധ്യമേഖലാ ചീഫ് എഞ്ചിനീയർ ഓഫീസിൽ നടന്നുവരുന്നു. മറ്റു രണ്ട് പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. ചൊവ്വൂർ-മരത്താക്കര കുടിവെള്ള വിതരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

3. ഒല്ലൂക്കര-മുളയം പുനരുദ്ധാരണ പദ്ധതിയുടെ ഫിൽറ്റർ ബെഡ് പുനരുദ്ധാരണത്തിന് വർക്ക് ഓർഡർ നൽകി പണി പുരോഗമിക്കുന്നു. മോട്ടോർ സപ്ലൈ ചെയ്യുന്നതിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. പൈപ്പ് ലൈനിനു വേണ്ടിയുള്ള ടെന്റർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല.

മോട്ടോർ പമ്പുകൾ റിപ്പെയർ ചെയ്യാൻ നടപടി

115 (565) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly